**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിന്റെ കർഷക വിരുദ്ധ നിയമങ്ങൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ,<br>കെ . വി . വിജയദാസ്,<br>ശ്രീ . പി . ഉണ്ണി ,<br>ശ്രീ . കാരാട്ട് റസാഖ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ സാമ്പത്തിക സർവേയിൽ വായ്പ ഇളവ് ,ഋണഭോക്താക്കളുടെ ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവ കുറയ്ക്കാനിടയാക്കുമെന്നും അവശ്യവസ്തു നിയമം വഴിയുള്ള സർക്കാർ ഇടപെടൽ വിപണിയെ തളർത്തുമെന്നുമുള്ള വിചിത്ര താത്വിക അടിത്തറ സൃഷ്ടിച്ചശേഷം ഏകപക്ഷീയമായ നിയമനിർമ്മാണങ്ങളിലൂടെ രാജ്യത്തെ കർഷകരെ പെപ്സികോ, റിലയൻസ് തുടങ്ങിയ കുത്തക കമ്പനികളുടെ ദാക്ഷിണ്യത്തിന് വിട്ടു കൊടുക്കുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരെ സംസ്ഥാന സർക്കാരിന് എങ്ങനെ ഇടപെടാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2019-20 വർഷത്തെ സാമ്പത്തിക സർവ്വേയിൽ കോർപ്പറേറ്റ് അനുകൂല പഠനങ്ങളുടെ പിൻബലത്തോടെ കാർഷിക മേഖലയിൽ വായ്പ ഇളവ് നൽകുന്നത്, ഋണഭോക്താക്കളുടെ ഉപഭോഗം, സമ്പാദ്യം, നിക്ഷേപം എന്നിവ കുറയ്ക്കാനിടയാകുമെന്ന് സ്ഥാപിക്കുന്നു. കൂടാതെ വർഷങ്ങളായി നിലനിൽക്കുന്ന സ്ഥിരമായി വർദ്ധിപ്പിക്കുന്ന കുറഞ്ഞ താങ്ങുവില(MSP) കാരണം, കൂടുതൽ കർഷകർ നെല്ല്, ഗോതമ്പ് തുടങ്ങിയ വിളകൾ കൃഷി ചെയ്യുമെന്നും ഇവ സംഭരിക്കാൻ കൂടുതൽ സബ്സിഡി വേണ്ടി വരുമെന്നും സമർത്ഥിക്കുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണത്തിൽ നിന്നും എഫ്.സി.ഐ പിൻമാറണമെന്നും സംഭരണ ചുമതല സംസ്ഥാനങ്ങളെ ഏൽപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു. സബ്സിഡികൾ കാർഷിക മേഖലയിലെവളർച്ചയ്ക്ക് വിഘാതമാണെന്നും അതിനാൽ ഭക്ഷ്യ ധാന്യ മാർക്കറ്റുകൾ സ്വകാര്യ മേഖലയ്ക്ക് സംഭരണം, സംസ്കരണം തുടങ്ങിയവയിൽ നിക്ഷേപം നടത്താൻ തടസ്സം ആണെന്നും സ്ഥാപിക്കുന്നു. ഇത്തരം സ്വകാര്യ നിക്ഷേപത്തിന് തടസ്സം നിൽക്കുന്ന 1955ലെ അവശ്യ വസ്തു നിയമം, Food Corporation Act 1964 തുടങ്ങിയ നിയമങ്ങൾ അടിയന്തിരമായി പിൻവലിക്കണമെന്നും (Stroke of the Pen) കൂടാതെ റേഷൻ വിതരണം 25% ആളുകളിലായി പരിമിതപ്പെടുത്തി, മറ്റുള്ള ഉപഭോക്താക്കൾക്ക് ബ്രസീൽ മുതലായ രാജ്യങ്ങളിൽ നിലനിൽക്കുന്ന ഭക്ഷ്യ ധാന്യ വിതരണത്തിന് പകരം നേരിട്ട് തുക നൽകുന്ന കൂപ്പൺ (DBT) സംവിധാനമാണ് അഭികാമ്യം എന്ന് നിർദ്ദേശിക്കുന്നു. ഈ പശ്ചാത്തലം സൃഷ്ടിച്ചാണ് കോർപ്പറേറ്റ് |

മേഖലയെ സഹായിക്കുന്ന കുറഞ്ഞ താങ്ങുവില(MSP) ഉറപ്പ് നൽകാത്ത, കാർഷിക മേഖലയിലെ മൂന്ന് നിയമങ്ങളും ജൂൺ മാസത്തിൽ ഓർഡിനൻസായി സെപ്റ്റംബറിൽ പാർലമെന്റിൽ ചർച്ചയ്ക്ക് അവസരം ഉണ്ടാക്കാതെയും നിയമം ആക്കിയത്. കേന്ദ്രസർക്കാർ പാസാക്കിയ ദി ഫാർമേഴ്സ് (എംപവെർമെന്റ് ആൻഡ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് & ഫാം സർവ്വീസസ് ആക്റ്റ് 2020, ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് & കോമേർസ് (പ്രമോഷൻ & ഫെസിലിറ്റേഷൻ) ആക്റ്റ് 2020, അവശ്യ സാധന (ഭേദഗതി) ആക്റ്റ് 2020 എന്നിവ പരസ്പരം ബന്ധപ്പെട്ടിട്ടുള്ളതാണ്. കൃഷിയും കാർഷികവിപണനവും ഇന്ത്യയെ സംബന്ധിച്ച് തന്ത്രപ്രധാനമായ വിഷയങ്ങളാണ്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ (ആർട്ടിക്കിൾ 246) കൃഷി 14 ആയും മാർക്കറ്റ് & ഫെയർസ് 28 ആയും സംസ്ഥാനലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരുകളോട് ആലോചിച്ചും സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുത്തും അവരുടെ താത്പര്യം സംരക്ഷിച്ചുമല്ലാതെ ഈ മേഖലയിൽ കേന്ദ്ര നിയമങ്ങൾ കൊണ്ടുവരുവാൻ പാടില്ലായിരുന്നു. ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതകൾ പരിഗണിച്ചും ആവശ്യങ്ങൾ അനുസരിച്ചുമാണ് കാർഷിക നയങ്ങൾ രൂപീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതും. ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഈ നിയമങ്ങൾ കൂടുതൽ ഗുരുതരമായ പ്രതിസന്ധികൾ സൃഷ്ടിക്കുമോയെന്ന ആശങ്കയുണ്ട്. ഇപ്പോൾ കുറ്റകരമായി കരുതപ്പെടുന്ന പൂഴ്ത്തി വയ്പും കരിഞ്ചന്തയും കേന്ദ്രനിയമം നടപ്പിലാക്കുന്നതോടെ നിയമപരമായി മാറുകയും ഈ നിയമങ്ങൾ കേരളത്തിലെ റേഷനിങ് സമ്പ്രദായത്തെയും പൊതുവിതരണ രംഗത്തെയും തകർക്കും. ദീർഘകാല അടിസ്ഥാനത്തിൽ കുറഞ്ഞ താങ്ങുവില സമ്പ്രദായം തന്നെ ഇല്ലാതാകാനും കാർഷിക മേഖലയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കാനും ഈ മൂന്ന് നിയമങ്ങൾ കാരണമാകും. ഈ സർക്കാർ അടിസ്ഥാന വില സമ്പ്രദായംശക്തിപ്പെടുത്തി പ്രൈവറ്റ് മേഖലയുടെ ചൂഷണം കുറയ്ക്കുവാനും നടപടി എടുത്തു. 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാന വില നവംബർ മാസം മുതൽ നടപ്പിലാക്കിയത് കൂടാതെ നെല്ലിന്റെയും തേങ്ങയുടെയും സംഭരണ വിലയും റബ്ബറിന്റെ അടിസ്ഥാന വിലയും 2021-22 ബഡ്ജറ്റിൽ വർദ്ധിപ്പിച്ചു. കേന്ദ്രസർക്കാർ

| | | | |
|---|---|---|---|
| | | | പാസാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ മൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ പാസാക്കിയ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31.12.2020 ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം പൊതുതാൽപ്പര്യ പ്രകാരം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | കേന്ദ്രസർക്കാർ പുതുതായി കൊണ്ടു വന്ന നിയമങ്ങളിൽ ന്യായവില ഉറപ്പാക്കാൻ വ്യവസ്ഥയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിരുന്നു. നെല്ല്, കൊപ്ര ഉൾപ്പെടെ 25 ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്. വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടാൻ വ്യവസ്ഥ ചെയ്യുന്ന ഈ ബില്ലിൽ, കരാർ വ്യാപകമാവുന്നതോടെ കമ്പനികളുടെ താൽപ്പര്യത്തിന് അനുസരിച്ചുള്ള വില സമ്പ്രദായങ്ങൾ നിലവിൽ വരികയും അതുവഴി വിപണി വില ഇടിയുകയും കർഷകരുടെ വരുമാനം കുറയുന്നതിന് ഇടയാകുകയും തത്ഫലമായി കാർഷികമേഖലയിൽ പ്രതിസന്ധിയ്ക്ക് കാരണമാകുകയും ചെയ്യും. |
| (സി) | കൃഷി ആരംഭിക്കുന്നതിനു മുമ്പ് തന്നെ വിളയുടെ ഗുണനിലവാരവും വിലയും നിശ്ചയിച്ചു കൊണ്ടുള്ള കരാറിൽ ഏർപ്പെടണമെന്നും അതിനു ശേഷം ഉഭയകക്ഷി സമ്മതത്തോടെ കുത്തക കമ്പനിയുടെ താല്പര്യാർത്ഥം മാത്രമേ കരാറിൽ നിന്നു പിൻവാങ്ങാൻ കഴിയുകയുള്ളൂ എന്നുമുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നത് കർഷകരുടെ താല്പര്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിരുന്നോ; വിശദമാക്കുമോ? | (സി) | പരിശോധിച്ചിരുന്നു. ഈ നിയമത്തിൽ വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടണം എന്നാണ് വ്യവസ്ഥ. ഈ രീതി കരാറിൽ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ വില നിർണ്ണയത്തിന്റെ കാര്യത്തിൽ അവ്യക്തത നിലനിൽക്കും. ഗുണനിലവാരം, ഗ്രേഡുകൾ മുതലായവ അനുസരിച്ച് വില നിശ്ചയിച്ച് കരാറിൽ ഏർപ്പെടുമ്പോൾ കർഷകരുടെ പല ഉൽപ്പന്നങ്ങളും തിരസ്കരിക്കപ്പെടുകയും വളരെ കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ട അവസ്ഥ വരികയും ചെയ്യും. സിവിൽ കോടതിയിൽ തർക്ക പരിഹാരത്തിന് വ്യവസ്ഥ ഇല്ലാത്തതിനാലും ചെറുകിട-നാമമാത്ര കർഷകർക്ക് കമ്പനികൾക്കെതിരെ അനുകൂല വിധി ലഭിക്കാൻ ഇടയില്ലാത്തതിനാലും ഈ വ്യവസ്ഥ കോർപ്പറേറ്റുകൾക്ക് അനുകൂലമാണോയെന്ന ആശങ്കയുണ്ട്. |

സെക്ഷൻ ഓഫീസർ